# കേരള സർവകലാശാല

നം.പി.ആർ.240/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 ജനുവരി/മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2015, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 21 വരെ അപേക്ഷിക്കാം.

### പ്രാക്ടിക്കൽ പരീക്ഷ

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെയും 2018 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെയും ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം നവംബർ 5 നും നവംബർ 7 നും അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 7 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആഗസ്റ്റ്/നവംബർ 2018 രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്.സി ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 12 മുതൽ 15 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ക്ലാസ്

കാര്യവട്ടം ക്യാമ്പസിലെ പഠനവകുപ്പുകളിൽ എം.ഫിൽ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു.

വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എസ്.സി സി.എസ്/ബി.സി.എ (2017 – 2020 ബാച്ച്) ക്ലാസുകൾ നവംബർ 3 മുതൽ രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ എസ്.ഡി.ഇ പാളയം ക്യാമ്പസിൽ ആരംഭിക്കുന്നതാണ്.

## പരീക്ഷാഫീസ്

2018 നവംബർ 28 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.ഫാം. സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 7 വരെയും 50 രൂപ പിഴയോടെ നവംബർ 9 വരെയും 125 രൂപ പിഴയോടെ നവംബർ 13 വരെയും ഫീസടയ്ക്കാം.

ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം ഒന്നും മൂന്നും സെമസ്റ്റർ മേഴ്സിചാൻസ് – 2010 & 2011 അഡ്മിഷൻ ഡിഗ്രി പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 11 വരെയും 50 രൂപ പിഴയോടെ 24 വരെയും 125 രൂപ പിഴയോടെ 28 വരെയും അപേക്ഷിക്കാവുന്നതാണ്. പരീക്ഷാഫീസ് കൂടാതെ 2000 രൂപ മേഴ്സിചാൻസ് ഫീസും 200 രൂപ വാല്യുവേഷൻ ക്യാമ്പ് ഫീസും അടയ്ക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 3 മുതൽ ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം ഒന്നും മൂന്നും സെമസ്റ്റർ 2012 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 11 വരെയും 50 രൂപ പിഴയോടെ 24 വരെയും 125 രൂപ പിഴയോടെ 28 വരെയും അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 3 മുതൽ ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടക്കുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് 2008 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 12 വരെയും 50 രൂപ പിഴയോടെ നവംബർ 14 വരെയും 125 രൂപ പിഴയോടെ നവംബർ 16 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 നവംബർ 28 ന് ആരംഭിക്കുന്ന മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് II (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 7 വരെയും 50 രൂപ പിഴയോടെ നവംബർ 9 വരെയും 125 രൂപ പിഴയോടെ നവംബർ 13 വരെയും അപേക്ഷിക്കാം.

## പി.എച്ച്.ഡി നൽകി

ടോണി ജോസ് (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), പ്രിൻസ് ജോർജ് (എൻവയോൺമെന്റൽ സയൻസസ്), പൂജ എൻ.എസ്, സുഭാഷിണി സി (ബയോടെക്നോളജി), ദീപ്തി വർഗ്ഗീസ് (ബയോഇൻഫോർമാറ്റിക്സ്), വൈശാഖ് എസ്.എസ്, ജിഷ ആർ.എസ് (കെമിസ്ട്രി), ഡി.മണിമാരൻ, ഷാന പർവീൺ എസ് (ഫിസിക്സ്), കുമാരി ശ്രീജ എസ് നായർ (മാത്തമാറ്റിക്സ്), ശ്രീജകുമാരി എസ് (സ്റ്റാറ്റിസ്റ്റിക്സ്), രമ്യ സ്റ്റാൻലി, ലക്ഷ്മി എസ് (എഡ്യൂക്കേഷൻ), ഹസീന ബായി എൻ, ശ്രീഷ്മ എൽ.എസ് (ബോട്ടണി), മുരുകേശ്വരി വി, മരിയ സുഭാല ജെ, ഷിനി ഐ.എസ്, ജനീബ എസ്.എൽ (തമിഴ്), വിദ്യ എസ് (ഇംഗ്ലീഷ്), സരസ്വതി കെ (മ്യൂസിക്), അനിത കെ (എക്കണോമിക്സ്), അനൂപ് വി, ജിഷ എസ് കുമാർ (കൊമേഴ്സ്), അനസ് പി, ലൈല അതെഫക്കർ (ലോ), മുംമ്താസ് വൈ , റീന മോൾ ജി.ആർ (സുവോളജി), മഹാദേവൻ ആർ (ബയോകെമിസ്ട്രി), പ്രീത എസ് (നഴ്സിംഗ്), രാജി ആർ (ഒപ്റ്റോഇലക്ട്രോണിക്സ്), സന്ധ്യ ഗോപാലൻ, സൗമ്യ ആർ, സിന്ധു ബി.ഐ (ഹിന്ദി), മിത്ര മൻമദൻ (മാനേജ്മെന്റ് സ്റ്റഡീസ്), ആഷ്ലി കെ രാമചന്ദ്രൻ (ഇസ്ലാമിക് ഹിസ്റ്ററി), ഹരീഷ് എസ്.ആർ, ശ്രീജ ആർ (മലയാളം)

തിരുവനന്തപുരം.
02.11.2018

പബ്ലിക് റിലേഷൻസ് ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**